124 (1033) കെ.എസ്.ഇ.ബി. പ്രവർത്തനങ്ങൾ

ശ്രീ. കെ.എ. ചന്ദ്രൻ : താഴെകാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 11-ാം ധനകാര്യ കമ്മീഷൻ കെ.എസ്.ഇ.ബി. യുടെ പ്രവർത്തന ത്തെക്കുറിച്ച് സൂക്ഷ്മമായി വിമർശനം നടത്തിയിട്ടുള്ള വിവരം ശ്രദ്ധയിൽപ്പെ ട്ടിട്ടുണ്ടോ;

(ബി) എങ്കിൽ കെ.എസ്.ഇ.ബി.യുടെ ഏതൊക്കെ പ്രവർത്തനങ്ങ ളാണ് വിമർശന വിധേയമായിട്ടുള്ളത്; ഇതു സംബന്ധിച്ച വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

(സി) പ്രസ്തുത വിമർശനങ്ങൾ സംബന്ധിച്ച് ഗവൺമെന്റ് അന്വേഷി ച്ചിട്ടുണ്ടോ;

(ഡി) എങ്കിൽ പ്രവർത്തനത്തിലെ പോരായ്മകൾ ഒഴിവാക്കാൻ ഗവൺമെന്റ് നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ&ബി) താഴെപ്പറയുന്ന പരാമർശങ്ങൾ നടത്തിയതായി ശ്രദ്ധ യിൽപ്പെട്ടിട്ടുണ്ട്.

(1) പലിശ ക്യാപിറ്റലൈസ് ചെയ്തും തേയ്മാനം കണക്കിൽ കാണിച്ചും സർക്കാർ ബോർഡിനു നൽകുന്ന സബ്സിഡിയും ഉൾക്കൊള്ളി ച്ചാണ് ബോർഡ് ലാഭമുണ്ടാക്കിയതായി കണക്കിൽ കാണിച്ചിരിക്കുന്നത്.

(2) കഴിഞ്ഞ അഞ്ചു വർഷങ്ങളായി ബോർഡിന്റെ പ്രസരണവിതരണ നഷ്ടം (റ്റി.ആന്റ് ഡി ലോസ്) 20% ആണ്.

(3) പ്ലാന്റ് ലോഡ് ഫാക്ടർ വ്യതിയാനം 51%-ത്തിനും 56%-ത്തിനും ഇടയ്ക്കാണ്.

(4) ബോർഡിന്റെ വൈദ്യുതി വില്ക്കുന്ന വിലയും കോസ്റ്റും (ഉല്പാദ നച്ചെലവ്) തമ്മിലുള്ള അന്തരം വർദ്ധിച്ചു വരുന്നു.

(5) 1/2/97 മുതൽ പ്രാബല്യത്തിൽ വന്ന താരിഫ് പരിഷ്കരണം മുഖാ ന്തിരം, പലിശ ക്യാപ്പിറ്റലൈസ് ചെയ്യാതെയും സർക്കാരിനുള്ള സബ്സിഡി കണക്കിലെടുക്കാതെയും ബോർഡിനു ലാഭകരമായി പ്രവർത്തിക്കുവാൻ സാധിക്കുമെന്ന് പ്രത്യാശ പ്രകടിപ്പിക്കുകയും ചെയ്തു.

(സി&ഡി)ഇക്കാര്യങ്ങൾ പരിശോധിച്ച് യുക്തമായ നടപടികളെടുക്കു ന്നതാണ്.

125 (1034) കെ.എസ്.ഇ.ബി. കെല്ലിൽ നിന്ന് വാങ്ങിയ ട്രാൻസ്ഫോർമറുകൾ

ശ്രീ.കെ.മുഹമ്മദാലി:താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സർക്കാരിന്റെ പൊതുമേഖലാ സ്ഥാപനമായ "കെല്ലിൽ" നിന്നും ഇലക്ട്രിസിറ്റി ബോർഡ് ട്രാൻസ്ഫോർമർ ഉൾപ്പെടെ യുള്ള എന്തെല്ലാം സാമഗ്രികൾ കഴിഞ്ഞ 3 വർഷത്തിനിടയിൽ വാങ്ങിയി ട്ടുണ്ട്; ഇത് ഏകദേശം എത്ര രൂപയുടെ ഇടപാട് ആണ്;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഇലക്ട്രിസിറ്റി ബോർഡിന് ആവശ്യമുള്ള ട്രാൻസ്ഫോർമറുകൾ മുഴുവനും കെല്ലിൽ നിന്നാണോ വാങ്ങുന്നത്; മറ്റേതെങ്കിലും കമ്പനികളിൽ നിന്നും വാങ്ങിയിട്ടുണ്ടോ; എങ്കിൽ ഏതെല്ലാം കമ്പനികളിൽ നിന്ന് എന്തു തുകയ്ക്കുള്ള എത്ര ട്രാൻസ്ഫോർമറുകൾ വാങ്ങി എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഫ്യൂസ് യൂണിറ്റ്,
ട്രാൻസ്ഫോർമർ
ഏകദേശം 33.02 കോടി രൂപ.

(ബി) മുഴുവൻ ട്രാൻസ്ഫോർമറുകളും കെല്ലിൽ നിന്നല്ല വാങ്ങുന്നത്. മറ്റു കമ്പനികളിൽ നിന്നും വാങ്ങിയതിന്റെ വിശദാംശം ചുവടെ ചേർക്കുന്നു.

1. ഇൻഡോ ടെക് ഇലക്ട്രിക് കമ്പനി, പാലക്കാട്	510 എണ്ണം	3.28 കോടി രൂപ
2. ഇൻഡോ ടെക് ട്രാൻസ്ഫോർമർ, പാലക്കാട്	390 എണ്ണം	2.19 കോടി രൂപ
3. കറന്റ് ഇലക്ട്രിക്കൽസ്, ചെന്നൈ	50 എണ്ണം	44.73 ലക്ഷം രൂപ
4. മെട്രോപോളിറ്റൻ കമ്പനി, തിരുവനന്തപുരം	600 എണ്ണം	2.51 കോടി രൂപ
5. ടെൽക്, അങ്കമാലി	20 എണ്ണം	2.62 കോടി രൂപ
6. ജി.ഇ.സി. അർന്ധം ലിമിറ്റഡ്	8 എണ്ണം	1.07 കോടി രൂപ
6. ഭെൽ	17 എണ്ണം	29.71 ലക്ഷം രൂപ

126 (1035) എ.കെ.ജി. സെന്ററിന്റെ വൈദ്യുതി കണക്ഷൻ

ശ്രീ. പി.ജെ. ജോയി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരത്ത് പ്രവർത്തിക്കുന്ന എ.കെ.ജി. സെന്ററിന്റെ വൈദ്യുതി കണക്ഷന്റെ കൺസ്യൂമർ നമ്പരുകൾ എന്തെല്ലാം;

(ബി) 1999 ജനുവരി മുതൽ വൈദ്യുതി ചാർജ് ഇനത്തിൽ ഓരോ കൺസ്യൂമർ നമ്പറിലും എത്ര ഉറുപ്പിക വീതം ബില്ല് വന്നു എന്ന് വ്യക്തമാക്കാമോ;

(സി) എ.കെ.ജി. സെന്ററിന് വൈദ്യുതി കണക്ഷന് എത്ര ഉറുപ്പിക യാണ് ഡിപ്പോസിറ്റ് വച്ചിരിക്കുന്നത്;

(ഡി) അഡീഷണൽ ഡിപ്പോസിറ്റ് അടയ്ക്കണമെന്ന് കാണിച്ച് എ.കെ.ജി. സെന്ററിന് വൈദ്യുതി ബോർഡ് നോട്ടീസ് നൽകിയിട്ടുണ്ടോ; എങ്കിൽ എന്നാണ്?

ഉത്തരം

(എ) എച്ച്.റ്റി.ബി. 20/3453.

(ബി)

മാസം		വൈദ്യുതി ചാർജ്ജ്
ജനുവരി 99	-	22,244/-രൂപ
ഫെബ്രുവരി 99	-	22,364/-രൂപ
മാർച്ച്	-	26,427/-രൂപ
ഏപ്രിൽ	-	25,159/-രൂപ

LIBRARY ARCHIVES Kerala Legislative Assembly